കോഴിക്കോട് താമരശ്ശേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ്

117(4393) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ :

(ബി) ഓഫീസ് ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചു വരികയാണ്.

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ അപ്രൂവൽ

118 (4400) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവരെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. ഇ. ആർ.-ലെ വ്യവസ്ഥകൾക്ക് വിധേയമാക്കി 29-10-2001 വരെ നടത്തിയിട്ടുള്ള എല്ലാ നിയമങ്ങളും അംഗീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ ചെലവ് ചുരുക്കൽ നിയന്ത്രണങ്ങളുടെ ഭാഗമായി 16-1-2002 ൽ അദ്ധ്യാപക നിയമനങ്ങൾക്കും അപ്രൂവലിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly